(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉത്തരവിട്ടിട്ടുള്ള ജുഡീഷ്യൽ അന്വേഷണങ്ങളിൽ ഓരോന്നിന്റേയും ടേംസ് ഓഫ് റഫറൻസ് എന്താണ്;

(ബി) ഐ.എ.എസ്. ഉദ്യോഗസ്ഥയായ നളിനിനെറ്റോയെ പീഡിപ്പിച്ച കേസ്സിൽ എന്തെല്ലാം കാര്യങ്ങളെക്കുറിച്ചാണ് അന്വേഷിക്കാൻ ഉത്തരവിട്ടിരിക്കുന്നത്;

(സി) ഈ സംഭവവുമായി ബന്ധപ്പെട്ട് സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ)&(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉത്തരവായിട്ടുള്ള ഒൻപതു ജുഡീഷ്യൽ അന്വേഷണ കമ്മിഷനുകളുടെ ടേംസ് ഓഫ് റഫറൻസ് ഉൾക്കൊള്ളുന്ന നോട്ടിഫിക്കേഷനുകളുടെ കോപ്പികൾ അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) ഈ സംഭവവുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് ശശിധരൻ അന്വേഷണകമ്മീഷനായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. ശ്രീമതി നളിനി നെറ്റോയുടെ പരാതിയുടെ അടിസ്ഥാനത്തിൽ മ്യൂസിയം പോലീസ് ക്രൈം നമ്പർ 47/2000 ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് ക്രൈംബ്രാഞ്ചിനു കൈമാറുകയും ഡി.ഐ.ജി. (CISR) ന്റെ നേതൃത്വത്തിൽ അന്വേഷണം നടത്തി വരുകയും ചെയ്യുന്നു.

വി.ഐ.പി.കളുടെ സുരക്ഷ

(1489)ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വി.ഐ.പി.കളുടെ സുരക്ഷയ്ക്ക് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് വി.ഐ.പി.കൾ എന്ന നിലയിൽ സുരക്ഷാ സംവിധാനം ആർക്കൊക്കെ ഏർപ്പെടുത്തിയിട്ടുണ്ട്; ഓരോരുത്തർക്കും ഏതൊക്കെ തരത്തിലുള്ള സുരക്ഷാ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(സി) ഇതിനായി പ്രത്യേകം പരിശീലനം നൽകി പോലീസിനെ സജ്ജമാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്രപേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും ഇവർക്കായി പ്രതിമാസം എന്തു തുക ചെലവാക്കുന്നുണ്ടെന്നും വെളിപ്പെടുത്തുമോ;

(ഇ) ഇവരെ ഏതുതരം ഡ്യൂട്ടികൾക്കാണ് നിയോഗിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)ഈ വിഭാഗം നിലവിലുള്ളതിനാൽ പോലീസിലെ മറ്റെല്ലാ വിഭാഗത്തെയും വി.ഐ.പി.കളുടെ സംരക്ഷണം സംബന്ധിച്ച എല്ലാ ചുമതല കളിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) പ്രതിപക്ഷനേതാവിന്റെ ഔദ്യോഗിക വസതിയുടെ ഗേറ്റ് അർദ്ധരാത്രിയിൽ ഇടിച്ചുതകർത്ത് സ്കൂട്ടർ യാത്രികൻ അകത്ത് കടന്ന ഒരു സംഭവം സെക്യൂരിറ്റി ഡ്യൂട്ടിക്കാർ സിറ്റി പോലീസ് കൺട്രോൾ റൂമിൽ അറിയി ച്ചിട്ടുണ്ടോ?

ഉത്തരം

(എ) റിവ്യൂ കമ്മിറ്റി നിർദ്ദേശപ്രകാരവും, പ്രാദേശിക സുരക്ഷാ ഭീഷ ണിയുടെ അടിസ്ഥാനത്തിലും സംസ്ഥാനത്തെ വി.ഐ.പി.കളുടെ സുര ക്ഷയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള വിവിധ കാറ്റഗറിയിലുള്ള സുരക്ഷാ സംവിധാ നങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) താഴെപറയുന്ന വ്യക്തികൾക്ക് പ്രത്യേക സംവിധാനങ്ങൾ നൽകുന്നുണ്ട്.

1.	ശ്രീ. ഇ.കെ. നായനാർ, മുഖ്യമന്ത്രി	(ഇസഡ് കാറ്റഗറി)
2.	ശ്രീ. ഒ. രാജഗോപാൽ, കേന്ദ്രസഹമന്ത്രി	(")
3.	ശ്രീ. പിണറായി വിജയൻ, സി.പി.എം, സ്റ്റേറ്റ് സെക്രട്ടറി	(")
4.	ശ്രീ. കെ. ഇ ഇസ്മയിൽ, റവന്യൂമന്ത്രി	(വൈ കാറ്റഗറി)
5.	ശ്രീ. ടി. ശിവദാസമേനോൻ, ധനമന്ത്രി	(")
6.	ശ്രീ. എ. കെ. ആന്റണി, പ്രതിപക്ഷനേതാവ്	(")
7.	ശ്രീ. കെ. കരുണാകരൻ, എം.പി	(")
8.	ശ്രീ. ടി.വി. അനന്തൻ, പ്രാന്ത്സംഘ്ചാലക് ആർ.എസ്.എസ്.	
9.	ശ്രീ. കെ. സുധാകരൻ, എം.എൽ.എ	(എക്സ് കാറ്റഗറി)
10.	ശ്രീ. സി. കെ. പത്മനാഭൻ, ബി.ജെ.പി., സംസ്ഥാന പ്രസിഡന്റ്	(")
11.	ശ്രീ. എ. കണാരൻ, എം.എൽ.എ	(")

കൂടാതെ ശ്രീ. എം.വി. രാഘവൻ (സി.എം.പി. നേതാവ്) പേഴ്സണൽ സെക്യൂരിറ്റി ഓഫീസർമാരെ കൊടുത്തിട്ടുണ്ട്. മറ്റ് സ്റ്റേറ്റ് മന്ത്രിമാർക്കും സ്പീക്കർക്കും, ഡെപ്യൂട്ടി സ്പീക്കർക്കും 'എ' കാറ്റഗറി സംരക്ഷണം നൽകുന്നുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ (സി.പി.എം. സ്റ്റേറ്റ് സെക്രട്ടേറിയറ്റംഗം) ശ്രീ. വി. എസ്. അച്ചുതാനന്ദൻ (എൽ.ഡി.എഫ്) കൺവീനർ എന്നിവർക്ക് 'ബി' കാറ്റഗറി സംരക്ഷണം നൽകുന്നു. കൂടാതെ പ്രാദേശിക സുരക്ഷാ ഭീഷണിയുടെ അടിസ്ഥാനത്തിൽ കണ്ണൂരിൽ യാത്രചെയ്യുമ്പോൾ കോടിയേരി ബാലകൃഷ്ണൻ, ഇ. പി. ജയരാജൻ, എം.വി. ജയരാജൻ, പി.കെ. കൃഷ്ണദാസ്, സി.കെ. പത്മനാഭൻ എന്നീ നേതാക്കൾക്ക് 'എ' കാറ്റഗറി സംര ക്ഷണം നൽകി വരുന്നുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) 56 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. പോലീസ് വകുപ്പിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് പരിശീലനം നൽകുന്നത്. ഇതിനു വേണ്ടി പ്രത്യേകചെലവ് വരുന്നില്ല.

(ഇ) ഉയർന്ന ഭീഷണിയുള്ള വി.ഐ.പി.കളുടെ പ്രത്യേക സുരക്ഷാ ഡ്യൂട്ടിയ്ക്കായി നിയോഗിച്ചുവരുന്നു.

(എഫ്) ഇല്ല.

(ജി) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയുടെ ഗേറ്റ് അർദ്ധ രാത്രിയിൽ ഇടിച്ചുതകർത്ത് സ്കൂട്ടർ യാത്രികൻ അകത്തുകടന്നതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 20.9.1999ന് രാത്രി 1.15 മണിയ്ക്ക് കന്റോൺമെന്റ് ഹൗസിനു മുൻവശം ഗേറ്റിൽ ഒരാൾ സ്കൂട്ടർ അപകടത്തിൽപ്പെട്ടു കിടക്കുന്നതായി പോലീസ് കൺട്രോൾ റൂമിൽ ബാബു എന്ന ഒരാൾ ടെലിഫോൺ മുഖേന അറിയിച്ചതിനെ തുടർന്ന് ഫ്ളൈയിംഗ് സ്കാഡ് നംപർ 15 വാഹനത്തെ സംഭവസ്ഥലത്തേയ്ക്ക് അയച്ച് അപകടത്തിൽപ്പെട്ട ഗൗരീശപട്ടം തൈയ്ക്കാട് മൂളംപിൽ വീട്ടിൽ അബ്ദുൾ ബഷീർ മകൻ 21 വയസ് സുൾഫി എന്നയാളെ സംഭവസ്ഥലത്തുനിന്നും മെഡിക്കൽ കോളേജാശുപത്രി കാഷ്വാലിറ്റിയിൽ എത്തിക്കുകയും ടിയാൻ സഞ്ചരിച്ചിരുന്ന കെ.ഇ.റ്റി. 9544 നമ്പർ ലാംബി സ്കൂട്ടർ പോലീസ് കസ്റ്റഡിയിൽ എടുക്കുകയും ചെയ്തിട്ടുണ്ട്.

(എച്ച്) പരിക്കേറ്റ സ്കൂട്ടർ യാത്രക്കാരൻ പ്രഥമ ശുശ്രൂഷയ്ക്കുശേഷം ആശുപത്രി വിട്ടതായി അറിയുന്നു.

(ഐ) ഉണ്ട്. ഇപ്പോഴും കസ്റ്റഡിയിൽ ഇരിക്കുന്നു.

(ജെ) ഉണ്ട്. ട്രാഫിക് സ്റ്റേഷൻ ക്രൈം നംപർ 451/2000 ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് ട്രാഫിക് സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തി വരുന്നു.

(കെ)&(എൽ) സബ് ഇൻസ്പെക്ടർ റാങ്കിനു മുകളിലുള്ള ഉദ്യോഗസ്ഥരാണ് അന്വേഷിച്ചു വരുന്നത്. ഈ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തുന്നത്. ട്രാഫിക് പോലീസ് സർക്കിൾ ഇൻസ്പെക്ടറാണ്. അന്വേഷണം ഊർജ്ജിതമായി നടന്നു വരുന്നു.

പോലീസ് സംരക്ഷണം

(1490)ശ്രീ. കെ. സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൻമാർ, എം.എൽ.എ.ക്കാർ എന്നീ വിഭാഗത്തിൽ ഏതെല്ലാം വ്യക്തികൾക്ക് സംസ്ഥാനത്ത് പ്രത്യേകമായ പോലീസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതു തരത്തിലുള്ള സംരക്ഷണമാണ് ഇവർക്ക് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഇതിലേയ്ക്കായി കഴിഞ്ഞ മൂന്നു കൊല്ലമായി എത്ര രൂപ ചെലവാക്കിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly